'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്കായിരിക്കെ വിരമിച്ച ശ്രീ.വിജയൻ. സി-- നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2496/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/11/2019

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 25.05.2019തിയതിയിലെ ഇ3-10492/19 നമ്പർ കത്ത്.

2 നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 25.05.2019തിയതിയിലെ ഇ3-10492/19 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

21.08.1981ൽ എൽ.ഡി.ക് ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വിജയൻ.സി ടി തസ്തികയിലെ നിരീക്ഷണകാലയളവ് 21.08.1983തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും ടിയാൾക്ക് 01.12.2003തീയതിയിൽ 50 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് 27.10.2004 തീയതിയിൽ സീനിയർ ക്ലർക്ക തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയതായും അറിയിക്കുന്നു. കൂടാതെ ശ്രീ.വിജയൻ.സി-യുടെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരുവർഷത്തേക്ക് (21.08.1984വരെ) ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് ടിയാന് 50 വയസ്സ് പൂർത്തിയായതിന് തൊട്ടടുത്ത ദിവസമായ 02.12.2003വരെ ദീർഘിപ്പിക്കണമെന്നും സീനിയർ ക്ലാർക്ക് പ്രൊമോഷൻ അനുവദിച്ച നടപടി ക്രമവൽക്കരിച്ച് നൽകണമെന്നും നഗരകാര്യഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 21.08.1981ൽ എൽ.ഡി.ക് ളർക്ക്/ബിൽകളക്ടർ തസ്തികയിൽ

സേവനത്തിൽ പ്രവേശിച്ച ശ്രീ.വിജയൻ.സി 01.12.2003തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, 50 വയസ്സ് പൂർത്തിയായിട്ടുള്ള 01.12.2003 പൂർവ്വാഹ്നം (FN) പ്രാബല്യത്തിൽ ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധം ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ച നൽകിയ തീയതി അവസാനിച്ച 22.08.1984 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന തീയതിയായ 01.12.2003ന്റെ (50 വയസ്സ് പൂർത്തിയായതി)പിറ്റെ ദിവസം വരെ (02.12.2003) KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചും, ശ്രീ.വിജയൻ. സി-യുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനു മുൻപായി സീനിയർ ക്ലാർക്ക് പ്രൊമോഷൻ അനുവദിച്ച നഗരകാര്യഡയറക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.വിജയൻ. സി, റിട്ട. സീനിയർ ക്ലർക്ക്, തിരുവനന്തപുരം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ